## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3901 31.1.2014- ലെ മറുപടിക്ക്**

## സ്വർണ്ണവില നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിമാനത്താവളങ്ങൾ വഴിയും അല്ലാതെയും എന്ത് തുകയുടെ സ്വർണ്ണക്കടത്ത് നടത്തിയിട്ടുള്ളതായി കണക്കാക്കുന്നു ; വ്യക്തമാക്കുമോ ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനസർക്കാരിന്റെ നികുതിഘടനയിലെ അശാസ്ത്രീയമായ നടപടിക്രമങ്ങളാണ് ഇതിനുള്ള പ്രധാനകാരണമെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിച്ച് വേണ്ട തിരുത്തൽ നടപടി സ്വീകരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ബി) | സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി ഘടന പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റേയും സബ്ജകറ്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും പരിഗണിച്ച് നിലവിലുള്ള **Compounding** വ്യവസ്ഥയിൽ വരുത്തുവാനുദ്ദേശിക്കുന്ന ഭേദഗതികൾ 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ മൊത്തം വാണിജ്യ നികുതിയിൽ നല്ലൊരു പങ്കും ആഭരണമേഖലയിൽ നിന്നാണോ ലഭിക്കുന്നത് ; വ്യക്തമാക്കാമോ ; | (സി) | അല്ല. 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ മൊത്തം വാണിജ്യ നികുതിയിൽ 393.54 കോടി രൂപയാണ് ഈ മേഖലയിൽ നിന്ന് ലഭിച്ചത്. ഇത് മൊത്തം വാണിജ്യ നികുതിയുടെ 1.72 ശതമാനമാണ്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ 2012-13 സാമ്പത്തിക വർഷം പ്രസ്തുതമേഖലയിൽ എന്തുതുക നികുതിയിനത്തിൽ ലഭിച്ചു ; ആയത് 2013-14 സാമ്പത്തികവർഷം ഡിസംബർ 31 വരെ എന്തുതുക സമാഹരിക്കുവാൻ സാധിച്ചു; വ്യക്തമാക്കുമോ ; | (ഡി) | 2012-13-ൽ 393.54 കോടി രൂപയും 2013-14 സാമ്പത്തിക വർഷം ഡിസംബർ 31 വരെ 358 കോടി രൂപയും ലഭിച്ചു. |
| (ഇ) | നിലവിൽ 'സ്വർണ്ണവില' നിശ്ചയിക്കുന്നതും പ്രഖ്യാപിക്കുന്നതും എന്ത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ ; | (ഇ) | 'സ്വർണ്ണവില' നിശ്ചയിക്കുന്നത് വിപണിയാണ്. |
| (എഫ്) | ഇത് നിയന്ത്രിക്കാനായി "സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ" നിയോഗിച്ച് സ്വർണ്ണവില പ്രഖ്യാപനം നടത്താനും ആയതുവഴി ഇതിന് നിയന്ത്രണം ഏർപ്പെടുത്താനും എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എഫ്) | വില നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ